IX പ്രത്യേക പരാമർശം

1. അംഗങ്ങൾ ഹാജർ രേഖപ്പെടുത്തുന്നത് സംബന്ധിച്ച്

<u>ശ്രീ. എം. എ. ബേബി</u> : സർ, അങ്ങയുടെ റൂളിംഗ് സഭയിലെ എല്ലാ അംഗങ്ങൾക്കും ബാധകമാണ്. സഭയിൽ ഹാജരാകുന്ന അംഗങ്ങൾ ഒപ്പിടുന്നതു സംബന്ധിച്ച്, ചട്ടം 172-മായി ബന്ധപ്പെട്ട് അങ്ങ് ഒരു റൂളിംഗ് നടത്തിയിട്ടുണ്ട്. ഇതിൽ വ്യക്തത വരേണ്ടതുണ്ട്. സഭയ്ക്ക് പുറത്ത് വച്ചിരിക്കുന്ന ഹാജർ പുസ്തകത്തിൽ ഒപ്പിട്ടിട്ട് സഭയ്ക്കകത്ത് പ്രവേശിക്കാതെ പോയാലും നമ്മൾ സഭയിലുള്ളതായിട്ടാണ് സങ്കല്പിക്കുന്നത്. മറിച്ച് സഭയിൽ ഹാജരായി ചർച്ചയിൽ പങ്കെടുക്കുകയും വോട്ട് രേഖപ്പെടുത്തുകയുമൊക്കെ ചെയ്താലും പുറത്തുവച്ചിട്ടുള്ള ഹാജർ ബുക്കിൽ ഒപ്പിട്ടിട്ടില്ലെങ്കിൽ ചർച്ചയിൽ പങ്കെടുത്ത് വോട്ട് ചെയ്ത അംഗം ഹാജരായില്ല എന്ന സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഇതുസംബന്ധിച്ചുള്ള പട്ടികയിൽ ചില അംഗങ്ങളെ ഹാജർ ബുക്കിൽ ഒപ്പിടുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. നേരത്തെതന്നെ സ്പീക്കറെയും, ബഹുമാനപ്പെട്ട മന്ത്രിമാരെയും ഒഴിവാക്കിയിരുന്നു. 2010-ൽ ചട്ടങ്ങൾ പരിഷ്കരിച്ചപ്പോൾ സർക്കാർ ചീഫ് വിപ്പിനെയും, ഡെപ്യൂട്ടി സ്പീക്കറെയും, പ്രതിപക്ഷ നേതാവിനെയും കൂടി ഒപ്പിടേണ്ടാത്തവരുടെ പട്ടികയിൽ കൂട്ടിച്ചേർത്തു. ഇതിൽ നിന്ന് അനുമാനിക്കേണ്ടത്, ഒപ്പിടേണ്ടാത്തവരുടെ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരെല്ലാം മെമ്പർമാരുടെ ദിനബത്ത കൈപ്പറ്റാത്തവരും അതല്ലാത്ത സംവിധാനം ബാധകമായിട്ടുള്ളവരുമാണ്. അതുകൊണ്ട് പലപ്പോഴും വരുന്നത് പുറത്ത് ഒപ്പിടുന്നത് ദിനബത്ത ലഭിക്കാൻ വേണ്ടിയുള്ള ഒരു സംവിധാനമായി ധരിച്ചാൽ ഈ അനുഭവങ്ങളിൽ നിന്ന് അറിയാതെ കുറ്റം പറയാൻ കഴിയില്ല. ഇത് ചർച്ച ചെയ്യുമ്പോൾ മറ്റൊരു വിഷയം കൂടിയുണ്ട്. ഭരണഘടനയുടെ പ്രസക്തമായ വകുപ്പ് അനുച്ഛേദം 190 ഉപഅനുച്ഛേദം 4 പ്രകാരം ചില വ്യവസ്ഥകൾക്ക് വിധേയമായി നിയമസഭാംഗത്തിന്റെ സഭാംഗത്വം നഷ്ടമാകുന്ന ഒരു സാഹചര്യമുണ്ട്. അതായത്, അനുമതി കൂടാതെ 60 ദിവസം സഭയിൽ ഹാജരാകാതിരുന്നാൽ അംഗത്വം നഷ്ടമായി ആ സീറ്റ് ഒഴിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുന്നതായി സഭയ്ക്ക് തീരുമാനിക്കാമെന്നാണ് ഇന്ത്യൻ ഭരണഘടന പറയുന്നത്. പക്ഷെ, ഒരംഗം 60 ദിവസം തുടർച്ചയായി സഭയിൽ അനുമതിയുടാതെ ഹാജരായി ല്ലായെന്നുള്ളത് കണ്ടുപിടിക്കാൻ ഇന്നൊരു സംവിധാനവുമില്ല. ആശ്രയിക്കാവുന്ന ഏക സംവിധാനം പുറത്തു ഹാജർ ബുക്കിൽ ഒപ്പിടുന്നതാണ്. ഈ സാഹചര്യത്തിൽ സഭാംഗങ്ങൾ തമ്മിൽ ഒരു വിവേചനം നിലനില്ക്കുന്നു. സഭയിലെ കുറെ അംഗങ്ങൾ ഒപ്പിടണം. കുറെ അംഗങ്ങൾ ഒപ്പിടേണ്ട. അതുകൊണ്ട് അങ്ങ് ഇത് പരിശോധിച്ച് ഇതിന്റെ വിവിധ വശങ്ങൾ കണക്കിലെടുത്തുകൊണ്ട് പുറത്ത് ഒപ്പിടാനുള്ള സംവിധാനം ഉടനുമ്പോൾത്തന്നെ അകത്തുവന്നാൽ ബയോമെട്രിക് സിസ്റ്റത്തിലൂടെ ഹാജരായി എന്നുള്ളത് രേഖപ്പെടുത്താനുള്ള ഒരു ക്രമീകരണവുംകൂടി ഉണ്ടാക്കണം. ഇതുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ ഇന്ത്യയ്ക്കുതന്നെ മാതൃകയാകുന്ന ചില ചട്ടങ്ങളും തീരുമാനങ്ങളും നമ്മുടെ സഭയിൽനിന്ന് ഉണ്ടാകുന്നത് നന്നായിരിക്കുമെന്നാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

റൂളിംഗ്

<u>മി. സ്പീക്കർ</u> : നിയമസഭാചട്ടം 172-ൽ എന്തെങ്കിലും ഭേദഗതി വരുത്തണമെങ്കിൽ റൂൾസ് കമ്മിറ്റിക്ക് ചെയ്യാവുന്നതാണ്. റൂൾസ് കമ്മിറ്റി തീരുമാനിക്കേണ്ട വിഷയമാണിത്. ഇലക്ട്രോണിക് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം അങ്ങ് പറഞ്ഞത് ആരംഭിക്കാവുന്നതാണ്. ആദ്യത്തേത് റൂൾസ് കമ്മിറ്റി തീരുമാനിക്കണം. ഇത് ചെയറിന് മാത്രം തീരുമാനിക്കാൻ പറ്റുന്ന കാര്യമല്ല. റൂൾസ് കമ്മിറ്റി കൂടി ഏതാണ് ശരിയെന്ന് തോന്നുന്നത് അത് തീരുമാനിക്കട്ടെ.

2. പാറ്റൂർ ഭൂമിയിടപാട്

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, കഴിഞ്ഞദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിവാദമായ പാറ്റൂർ ഭൂമിയെ സംബന്ധിച്ച് ഒരു സബ്മിഷൻ ഇവിടെ ഉന്നയിച്ചിരുന്നു. ആ സബ്മിഷനെ സംബന്ധിച്ച് ബഹുമാനപ്പെട്ട നഗരകാര്യ

LIBRARY ARCHIVES Kerala Legislative Assembly